പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1234 04/02/2019 ൽ മറുപടിയ്ക്ക്

അൺഎയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം നിയന്ത്രിക്കാൻ സംവിധാനം

ചോദ്യം

ശ്രീ.പി.ടി. തോമസ്

(എ) അൺഎയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദാമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അൺഎയ്ഡഡ് സ്കൂളുകൾക്കെതിരെയുള്ള പരാതികൾ പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

പ്രൊഫ. സി. രവീന്ദ്രനാഥ്
(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) & (ബി) അൺ-എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് അധികാരമുണ്ട്. കർശനമായ നിബന്ധനകളോടെയാണ് അൺ-എയ്ഡഡ് സ്കൂളുകൾക്ക് സർക്കാർ അംഗീകാരവും പ്രവർത്തനാനുമതിയും നല്കുന്നത്.

(സി) അൺഎയ്ഡഡ് സ്കൂളുകൾക്കെതിരെയുള്ള പരാതികൾ സർക്കാരിലെ പൊതു വിദ്യാഭ്യാസ വകുപ്പിലും പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും ബന്ധപ്പെട്ട ഓഫീസുകളിലും നൽകാവുന്നതും ആയത് അന്വേഷണം നടത്തി പരിഹാരം കാണാറുണ്ട്.

സെക്ഷൻ ഓഫീസർ